II ഇ.ബി. XIII- കേരള നിയമസഭ/XI- 20

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂലൈ 08, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**66(*571)** **കെ.എസ്.ആർ.ടി.സി.–യിലെ പെൻഷൻ പദ്ധതി**

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ,

കെ.എസ്.ആർ.ടി.സി.–യുടെ നവീകരണത്തിനായി നടപ്പാക്കുന്ന പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ പെൻഷൻ പദ്ധതിക്കായി തുക കണ്ടെത്തുന്നതിനുള്ള വിവിധ വശങ്ങൾ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് സർക്കാർ പരിശോധിച്ചുവരികയാണെന്ന് സഭയെ അറിയിച്ചു. നിലവിൽ 37,000 പേർക്ക് പ്രതിവർഷം 444 കോടി രൂപ പെൻഷൻ വിതരണം ചെയ്യുന്നതിന് വേണ്ടിവരുന്നുണ്ട്. പെൻഷന് വേണ്ടിവരുന്ന തുക കാലാകാലങ്ങളിൽ ഗവൺമെന്റിൽനിന്നും വാങ്ങിയെടുക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്. കെ.എസ്.ആർ.ടി.സി. ഡീസൽ ടാക്സിനത്തിൽ 205 കോടി രൂപ ഗവൺമെന്റിൽ അടയ്ക്കുന്നുണ്ട്. ബസ് കൺസഷൻ ഉൾപ്പെടെ പല ഇനങ്ങളിലായി 427 കോടി രൂപ ഗവൺമെന്റിൽനിന്ന് കിട്ടാനുണ്ട്. കഴിഞ്ഞ വർഷം

പല ഘട്ടങ്ങളിലായി ഗവൺമെന്റിൽനിന്നും ഏതാണ്ട് 484 കോടി രൂപ കെ.എസ്.ആർ.ടി.സി.–ക്ക് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ വർഷവും സംസ്ഥാനത്തിനുണ്ടാകുന്ന വലിയ നഷ്ടം ഒഴിവാക്കുന്നതിന്റെ ഭാഗമായി പെൻഷൻ വിതരണത്തിനായി ഒരു വർഷം ആവശ്യമുള്ള 480 കോടി രൂപയിൽ 50:50 എന്ന അനുപാതത്തിൽ 240 കോടി രൂപ കെ.എസ്.ആർ.ടി. സി.യും ബാക്കി സർക്കാരും വഹിക്കത്തക്ക തരത്തിൽ ഒരു പുതിയ പെൻഷൻ പദ്ധതി ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. കോടതിവിധി അനുസരിച്ച് വരുമാനത്തിന്റെ പത്ത് ശതമാനം പെൻഷനറി ബെനിഫിറ്റിനും ഒരു നിശ്ചിത ശതമാനം തുക മറ്റ് ചെലവുകൾക്കായി മാറ്റിവയ്ക്കേണ്ടതുമുണ്ട്. കെ.റ്റി.ഡി.എഫ്.സി.–യിൽനിന്നും 15 ശതമാനം പലിശയ്ക്ക് വായ്പയായി എടുത്തിട്ടുള്ള 1300 കോടി രൂപ ദൈനംദിന കളക്ഷനിൽനിന്നും തിരിച്ചടച്ചുകൊണ്ടിരിക്കുകയാണ്. വായ്പാ തിരിച്ചടവിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനും തിരിച്ചടവിന്റെ കാര്യത്തിൽ പുന:ക്രമീകരണം നടത്തുന്നതിനും ദേശസാൽകൃത ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ബസ്സ് ചാർജ്ജിൽ നാമമാത്രമായ വർദ്ധനവ് വരുത്തി അപകടങ്ങളെ തുടർന്ന് യാത്രക്കാർക്കുണ്ടാകുന്ന പരിക്കുകൾക്കുംമറ്റും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.–യെ നവീകരിക്കുന്നതിനുള്ള ക്രമീകരണങ്ങളുടെ ഭാഗമായി കെടുകാര്യസ്ഥത ഒഴിവാക്കി ഭരണ തലത്തിൽ വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബസ് സ്റ്റാന്റുകളിൽ ശീതീകരിച്ച കാത്തിരിപ്പു കേന്ദ്രം, ടോയ്‌ലെറ്റ് സൗകര്യം, ക്ലോക്ക് റൂം,

കോഫി ഷോപ്പ് എന്നിവ ആരംഭിക്കാനും സി.സി. ടി.വി.യിലൂടെ ഡിജിറ്റൽ പരസ്യങ്ങൾ നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളോടനുബന്ധിച്ചുള്ള സ്ഥലങ്ങൾ മൂല്യ വർദ്ധിത ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും നഗരവികസന വകുപ്പുമായി ആലോചിച്ച് 400 പുതിയ ജൻറം ബസ്സുകൾ ലഭ്യമാക്കി ടൗൺ ടു ടൗൺ ബസ്സ് സർവ്വീസ് നടത്തുന്നതിനും ലക്ഷ്യമിടുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി 2000 ബസ്സുകൾ നഷ്ടത്തിൽ ഓടുകയാണെന്നും വിവിധ തരത്തിലുള്ള ബാധ്യതകളാൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും 8500 രൂപവരെയുള്ള പെൻഷൻ തുക കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നുണ്ടെന്നും തൊഴിലാളി യൂണിയനുക ളുമായി കൂടിയാലോചിച്ച് ഫലവത്തായ ഇടപെടലിലൂടെ കടക്കെണി യിൽനിന്ന് ഒഴിവാക്കി കെ.എസ്.ആർ.ടി.സി.-യെ ഒരു പുനരുദ്ധാരണ പാതയി ലേയ്ക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്ന താണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

67(*572) <u>പോലീസ് സേനയുടെ നവീകരണം</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, MoPF Scheme, Plan scheme, 13th FCA തുടങ്ങിയ പദ്ധതികളിലൂടെ അടിസ്ഥാന/താമസ സൗകര്യങ്ങൾ, വാഹനങ്ങൾ, ആയുധ ങ്ങൾ, സെക്യൂരിറ്റി ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, കമ്മ്യൂണിക്കേ ഷൻ ഉപകരണങ്ങൾ, ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവ കൂടുതലായി

ലഭ്യമാക്കി പോലിസ് സേനയെ നവീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് മുൻകാലങ്ങളിൽ അവലംബിച്ചിരുന്ന മാർഗ്ഗത്തിൽനിന്നും വ്യത്യസ്തമായി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ വെളിച്ചത്തിൽ ക്രൈം ഡിറ്റെക്ട് ചെയ്യുക, പോലീസ് സ്റ്റേഷനിലെ ത്തുന്ന ജനങ്ങളോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കുക എന്നിവ യാണ് പ്രധാനമായും നവീകരണംകൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന് പുറത്തുള്ള കുറ്റവാളികളെ ആധുനിക സംവിധാനത്തിലൂടെ കണ്ടെത്തുന്ന തിന്റെ ഭാഗമായി ഏഴ് ജില്ലകളിലെ 172 പോലീസ് സ്റ്റേഷനുകളിൽ ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ക്രമസമാധാന പാലനം, കുറ്റാന്വേഷണം എന്നിവ വേർതിരിച്ചുകൊണ്ടുള്ള പ്രവർത്തനം കാസർഗോഡ് ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കു ന്നതും പോലീസ് സേനയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. 60 സബ്ഇൻസ്പെക്ടർമാരെയും 120 വനിതാ പോലീസ് കോൺസ്റ്റബിൾമാ രേയും നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി സേനയിലെ വനിതാ പോലീസിന്റെ അംഗസംഖ്യ പത്ത് ശതമാനമാക്കി വർദ്ധിപ്പിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ആധുനിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശാസ്ത്രീയവും സമഗ്രവുമായ അന്വേഷണം നടത്തുന്നതിന് സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന അന്വേഷണ ഏജൻസി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സ്പീഡ് റഡാറുകൾ, ആൽക്കോ മീറ്ററുകൾ തുടങ്ങി

ആധുനിക ഉപകരണങ്ങൾ വാങ്ങി കുറ്റകൃത്യങ്ങൾ ഫലപ്രദമായി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നഗരപ്രദേശങ്ങളിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾ കൺട്രോൾ റൂമിലിരുന്ന് മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ തലസ്ഥാന നഗരത്തിൽ ഉടൻ ആരംഭിക്കുന്നതാണ്. പോലീസ്-എക്സൈസ് വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്. പോലീസുകാരുടെ യൂണിഫോം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്. ക്രിമിനൽ സ്വഭാവമുള്ള പോലീസുകാരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളുടെയും ക്വാർട്ടേഴ്സുകളുടെയും സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ക്വാർട്ടേഴ്സുകൾ, പോലിസ് സ്റ്റേഷൻ എക്സ്റ്റൻഷൻ, വിസിറ്റേഴ്സ് റൂം, ഹെൽപ്പ് ഡെസ്ക്കുകൾ, റസ്റ്റ് റൂം, വനിതാ വിശ്രമ മുറികൾ, ചുറ്റുമതിൽ എന്നിവ നിർമ്മിച്ചു നൽകുന്നതിന് പുറമെ അറ്റകുറ്റപ്പണികൾ നടത്തി വാട്ടർ സപ്ലൈ, ഡ്രെയിനേജ് എന്നിവയുമായി ബന്ധപ്പെട്ട തകരാറുകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പഴക്കമേറിയ പോലീസ് ക്വാർട്ടേഴ്സുകളും പോലീസ് സ്റ്റേഷനുകളും പുനർ നിർമ്മിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. പോലീസ് സേനയിലെ കായിക താരങ്ങളെയും കലാകാരന്മാരേയും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം മാതൃകാപരമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

68(*573) <u>പോലീസിന്റെ പുതുക്കിയ ഔദ്യോഗിക ഫേയ്സ് ബുക്ക്/ ട്വിറ്റർ പേജുകൾ</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, "Facebook.com/Kerala Police" എന്ന ഫേയ്സ് ബുക്ക് പേജും "Twitter.com/the Kerala Police" എന്ന ട്വിറ്റർ പേജും 31-02-2014 –ന് നിലവിൽ വന്നിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊതുജനങ്ങൾക്കായുള്ള സന്ദേശങ്ങൾ, പങ്കുവയ്ക്കേണ്ടതായ മറ്റ് പൊതു വിവരങ്ങൾ എന്നിവ ഉൾപ്പെട്ട ലിങ്കുകളും പേജുകളും കാര്യക്ഷമമായ ക്രമസമാധാന പാലനത്തിന് ഉതകും വിധം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ഫോട്ടോകൾ, വീഡിയോകൾ, പിടികിട്ടാപ്പുള്ളികളുടെ ഫോട്ടോകൾ, ലുക്കൗട്ട് നോട്ടീസ് എന്നിവ അപ്‌ലോഡ് ചെയ്യുന്നതിനും കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പോലീസുമായി പങ്കുവയ്ക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഫേയ്സ് ബുക്ക് പേജ്, ട്വിറ്റർ അക്കൗണ്ട് എന്നിവ ഉപയോഗപ്പെടുത്തുന്നതുവഴി കുറ്റാന്വേഷണത്തിൽ ഫലപ്രദമായ പുരോഗതി കൈവരിക്കാൻ സാധിക്കുന്നതാണ്. പൊതുജനങ്ങൾക്കുള്ള അടിയന്തര സന്ദേശങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മറ്റ് പൊതുജനങ്ങൾ തുടങ്ങിയവർക്ക് അടിയന്തര ഘട്ടങ്ങളിൽ സമ്പർക്കം പുലർത്തേണ്ടവരുടെ ടെലിഫോൺ നമ്പരുകൾ എന്നിവ പോലീസിന്റെ ലിങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫേയ്സ്ബുക്ക്/ട്വിറ്റർ പേജുകളിൽ പോസ്റ്റുചെയ്യുന്ന കാര്യങ്ങൾക്ക് പൊതുമാനദണ്ഡം നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുന്നതും ഓൺലൈനിലൂടെ ലഭ്യമാകുന്ന പരാതികളുടെ സ്വഭാവമനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാ

ണ്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്നും തൃക്കാക്കരയിൽ സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6146 മുതൽ 6451 വരെയുള്ള ചോദ്യങ്ങളിൽ 168 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)